പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 462

20.10.2011 ൽ
മറുപടിയ്ക്ക്

## റേഷൻ കടകളിലൂടെ പയറുവർഗ്ഗങ്ങളും സുഗന്ധവ്യഞ്ജനങ്ങളും

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. വി. ശശി ;<br>ശ്രീ. കെ. രാജു ;<br>ശ്രീ. ജി.എസ്. ജയലാൽ ; | ശ്രീ. റ്റി.എം. ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) റേഷൻ കടകളിലൂടെ പയറുവർഗ്ഗങ്ങളും സുഗന്ധവ്യഞ്ജനങ്ങളും വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നാണ് ; | എ) റേഷൻ കടകൾ വഴി 13 ഇനം അവശ്യ സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള ഒരു പദ്ധതി കേന്ദ്ര സർക്കാരിന് 2010 മെയ് മാസത്തിൽ സമർപ്പിച്ചിരുന്നു. |
| ബി) ഈ പദ്ധതിക്ക് എത്ര രൂപയുടെ കേന്ദ്ര സഹായമാണ് ആവശ്യപ്പെട്ടിരുന്നത്; പ്രസ്തുത സഹായം അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് നൽകാൻ കഴിയില്ലെന്നുള്ള വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതിക്ക് അംഗീകാരം ലഭിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ? | ബി) 353.85 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതിയുടെ ചെലവിന്റെ 75% സംസ്ഥാന സർക്കാരും 25% കേന്ദ്ര സർക്കാർ വഹിക്കണമെന്നാണ് നിർദ്ദേശിച്ചിരുന്നത്. പ്രസ്തുത സഹായം കേന്ദ്രസർക്കാർ അനുവദിച്ചിട്ടില്ല. അവശ്യസാധനങ്ങളുടെ വില നിയന്ത്രണത്തിനായി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനുകളെയും കൺസ്യൂമർ മാർക്കറ്റിംഗ് ഫെഡറേഷനുകളെയും ശക്തിപ്പെടുത്തുന്നതിനുള്ള ഒരു നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണെന്നും മറ്റു കേന്ദ്ര വകുപ്പുകൾ/ മന്ത്രാലയങ്ങളുമായി കൂടിയാലോചിച്ചശേഷം അന്തിമ തീരുമാനം കൈക്കൊള്ളുമെന്നും കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ